പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3990 11.11.2019 ൽ മറുപടിയ്ക്ക്

നെല്ല് സംഭരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെല്ല് സംഭരണ പദ്ധതി എപ്രകാരമാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരമാണ് സംസ്ഥാനത്തെ കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. ഈ പദ്ധതി പ്രകാരം നെല്ല് നൽകുവാൻ താൽപ്പര്യമുള്ള കർഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതും ഈ അപേക്ഷകൾ പരിശോധിച്ച് അംഗീകരിച്ചശേഷം സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖേന നെല്ല് സംഭരിക്കുകയും, അവ സംസ്കരിച്ച് അരിയാക്കിയശേഷം പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് വിട്ടുനൽകുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പങ്കാളികളായ സ്വകാര്യ മില്ലുകൾ സംഭരണത്തിൽ നിന്ന് വിട്ടുനിന്നത് മൂലം സംഭരണത്തിന് തടസ്സം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഈ സീസണിന്റെ ആരംഭത്തിൽ സ്വകാര്യമില്ലുകളുടെ നിസ്സഹകരണം നെല്ല് സംഭരണം മന്ദഗതിയിലാകാൻ കാരണമായിട്ടുണ്ട്. എന്നാൽ നിലവിൽ മില്ലുകാരുമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ചിട്ടുള്ളതും, നെല്ല് സംഭരണം സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | ഇതിനായി സംസ്ഥാനത്തിന് പുറത്തുനിന്നുള്ള സ്വകാര്യ മില്ലുകളുടെ സേവനം തേടാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (സി) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഡി) | നെല്ല് സംഭരണ പദ്ധതിയിൽ കേന്ദ്രസർക്കാർ വിഹിതം യഥാസമയം ലഭിക്കാതെ വന്നതുമൂലം പ്രതിസന്ധി നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കർഷകരിൽ നിന്നും സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിൽക്കൂടി വിതരണം ചെയ്യുന്നതിൻ പ്രകാരമാണ് കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുന്നത്. എന്നാൽ കേന്ദ്ര സർക്കാർ നൽകാനുള്ള സബ്സിഡി തുക ലഭിക്കാൻ വൈകുന്നതു മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുകയും ചെയ്യുന്നുണ്ട്. ആയവ പരിഹരിച്ച് സബ്സിഡി തുക ലഭ്യമാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ